റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ മറ്റുവിധത്തിലോ നിയമനം നടത്തുന്നത് തടയാൻ നടപടി

29 [29] ശ്രീ. എ. പി. അനിൽകുമാർ:
,, അടൂർ പ്രകാശ്:
,, ടി. എൻ. പ്രതാപൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഏതെങ്കിലും തസ്തികകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ മറ്റുവിധത്തിലോ നികത്തുന്നത് ക്രമാനുസൃതമാണോ;

(ബി) ഇക്കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഏതെല്ലാം വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും പി. എസ്. സി. അഡ്വൈസ് ലഭിച്ചിട്ടും നിയമനം നടത്താതിരുന്നിട്ടുണ്ട്;

(സി) ഇപ്രകാരം പി. എസ്. സി.-യുടെ അഡ്വൈസ് അനുസരിച്ച് നിയമനം നടത്താതിരിക്കുന്നത് ക്രമാനുസൃതമാണോ;

(ഡി) നേരത്തെ പി. എസ്. സി. യെ അറിയിച്ച ഒഴിവുകൾ പി. എസ്. സി. യുടെ അഡ്വൈസ് കിട്ടിയപ്പോൾ എപ്രകാരം ഇല്ലാതായി എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) അല്ല.

(ബി. സി & ഡി) വിവരം ശേഖരിച്ചു വരുന്നു.

ഉന്നതതല സമിതിയുടെ പരിഗണനയിലുള്ള കേസുകൾ

30 [30] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. അഡ്വൈസ് ചെയ്ത എത്ര കേസുകളാണ് ഉന്നതതല സമിതിയുടെ പരിഗണനയിലുള്ളതെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച എത്ര ഫയലുകളാണ് തീർപ്പുകൽപ്പിക്കാനുള്ളത്;

(സി) പ്രസ്തുത സമിതി ഇപ്പോൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പി. എസ്. സി. അഡ്വൈസ് ചെയ്തതോ അല്ലാത്തതോ ആയ യാതൊരു കേസുകളും കമ്മിറ്റിയുടെ പരിഗണനയിൽ നിലവിലില്ല.

(ബി) ഉദിക്കുന്നില്ല.

(സി) സമിതി പിരിച്ചുവിട്ടിട്ടില്ല.

എൽ. ഡി. സി. എഴുത്തുപരീക്ഷയെ സംബന്ധിച്ച് നടത്തിയ ക്രൈംബ്രാഞ്ച് അന്വേഷണം

31 [31] ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. എം. എ. ചന്ദ്രശേഖരൻ:

,, വർക്കല കഹാർ:

,, ഡൊമിനിക് പ്രസന്റേഷൻ:

,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പി. എസ്. സി. ഏറ്റവും ഒടുവിൽ എൽ. ഡി. സി. മാരായി നിയമിക്കുന്നതിന് നടത്തിയ എഴുത്ത് പരീക്ഷ സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിലെ പരീക്ഷ സംബന്ധിച്ചാണ് അന്വേഷണം നടത്തുന്നത്;

(സി) ഈ പരീക്ഷ സംബന്ധിച്ച് ലഭിച്ച എല്ലാ പരാതികളേയും പറ്റി ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നുണ്ടോ;

(ഡി) ഈ അന്വേഷണം നടക്കുമ്പോൾ തന്നെ എൽ. ഡി. സി.-യായി നിയമിക്കപ്പെടുന്നതിനുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ;

LIBRARY ARCHIVES Kerala Legislative Assembly